# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4076 26.06.2013 - ൽ മറുപടിക്ക്

## നബാർഡ് സഹായത്തോടെയുള്ള ശുദ്ധജല പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നബാർഡ് സഹായ ത്തോടെയുള്ള ശുദ്ധ ജല പദ്ധതി കൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നബാർഡിന്റെ ധനസഹായ ത്തോടെ ശുദ്ധജലപദ്ധതികൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് IX-ൽ 8 പദ്ധതികൾക്കും, ആർ.ഐ.ഡി.എഫ് XIV - ൽ 36 പദ്ധതി കൾക്കും, ആർ.ഐ.ഡി.എഫ് XVI-ൽ 26 പദ്ധതികൾക്കും, ആർ.ഐ.ഡി.എഫ് XVII-ൽ 54 പദ്ധതികൾക്കും, ആർ.ഐ.ഡി.എഫ് XVIII-ൽ 10 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. മേൽപ്പറഞ്ഞ പദ്ധതികളിൽ ആർ.ഐ.ഡി.എഫ് IX-ൽ 8 ഉം ആർ. ഐ.ഡി.എഫ് XIV-ൽ 19 പദ്ധതികളും പൂർത്തീകരിച്ചു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) ഫണ്ടിന്റെ അപര്യാപ്തത മൂലം വർഷങ്ങളായി ഗ്രാമീണ മേഖലയിൽ പൂർത്തീകരിക്കാതെ മുടങ്ങി കിടക്കുന്ന കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാനാണ് ഇതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) ഇതിനായി എത്ര തുക അനുവദി ച്ചിട്ടുണ്ട് ; | (സി) 1. ആർ.ഐ.ഡി.എഫ് IX<br>13.02.2004-ൽ 4868.33 ലക്ഷം രൂപയ്ക്ക് 8 പദ്ധതികൾക്ക് ഭരണാനുമതി നൽകി. തുടർന്ന് 13.04.2007-ൽ 6218.15 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി.<br>2. ആർ.ഐ.ഡി.എഫ് XIV<br>24.07.2008-ൽ 67015.64 ലക്ഷം രൂപയ്ക്ക് 36 പദ്ധതികൾക്ക് ഭരണാനുമതി നൽകി.<br>3. ആർ.ഐ.ഡി.എഫ് XVI<br>28.02.2011-ൽ 3409.79 ലക്ഷം രൂപയ്ക്ക് 25 പദ്ധതികൾക്കും 24/05/2011-ൽ 88.50 ലക്ഷം രൂപയ്ക്ക് ഒരു പദ്ധതിക്കും ഭരണാനുമതി നൽകി. |

.......................2

4. ആർ.ഐ.ഡി.എഫ് XVII

23.12.2011-ൽ 5157 ലക്ഷം രൂപയ്ക്ക് 2 പദ്ധതികൾക്കും 18.02.2012-ൽ 2377 ലക്ഷം രൂപയ്ക്ക് 51 പദ്ധതികൾക്കും 20.03.2012-ൽ 204 ലക്ഷം രൂപയ്ക്ക് ഒരു പദ്ധതിക്കും ഭരണാനുമതി നൽകി.

5. ആർ.ഐ.ഡി.എഫ് XVIII

27.09.2012-ൽ 1000 ലക്ഷം രൂപയ്ക്ക് ഒരു പദ്ധതിക്കും 23.01.2013-ൽ 20639 ലക്ഷം രൂപയ്ക്ക് 9 പദ്ധതികൾക്കും ഭരണാനുമതി നൽകി.

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഇതിൽ ആർ.ഐ.ഡി.എഫ് IX-ലെ എല്ലാ പദ്ധതികളും ആർ.ഐ.ഡി.എഫ് XIV-ൽ 31.05.2013 വരെ 19 പദ്ധതികളും പൂർത്തീകരിച്ചു. ആർ.ഐ.ഡി.എഫ് XIV-ലെ ബാക്കി 17 പദ്ധതികളും ആർ.ഐ.ഡി.എഫ് XVI, XVII, XVIII എന്നിവയിലെ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ